കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
THE STATE INSTITUTE OF LANGUAGES
നാളന്ദ, തിരുവനന്തപുരം– -695 003, കേരള
Nalanda, Thiruvananthapuram - 695 003, Kerala

30.08.2017

പ്രസിദ്ധീകരണത്തിന്–

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സുവർണജൂബി ആഘോഷം**

# ലോഗോ പ്രകാശനം ചെയ്തു

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സുവർണജൂബിലി ആഘോഷം ലോഗോ വിദ്യാഭ്യാസവകുപ്പ്മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് പ്രകാശനം ചെയ്തു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എൻ.വി.ഹാളിൽ നടന്ന പരിപാടിയിൽ ഡയറക്ടർ പ്രൊഫ. വി.കാർത്തികേയൻ നായർ അദ്ധ്യക്ഷത വഹിച്ചു. ലോഗോ രൂപകല്പന ചെയ്ത ആർടിസ്റ്റ് എൻ.സതീഷ്കുമാറിനെ മന്ത്രി അനുമോദിച്ചു. ഐ.ടി.അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.അൻവർസാദത്ത്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എ.ആർ.രാജൻ, കേരള സാഹിത്യ അക്കാദമി നിർവാഹക സമിതിയംഗം പ്രൊഫ.വി.എൻ.മുരളി, പള്ളിയറ ശ്രീധരൻ എന്നിവർ സംസാരിച്ചു. റിസർച്ച് ഓഫീസർമാരായ ജി.ബി.ഹരീന്ദ്രനാഥ് സ്വാഗതവും റാഫി പൂക്കോം നന്ദിയും പറഞ്ഞു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ട് 2018 സെപ്തംബർ 16ന് 50 വർഷം പൂർത്തിയാവുകയാണ്. ഒരു വർഷം നീുനിൽക്കുന്ന വിപുലമായ ആഘോഷ പരിപാടികൾക്ക് സെപ്തംബർ 16 മുതൽ 20 വരെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ തുടക്കമാവുകയാണ്. സെപ്തംബർ 16ന് വൈകുകന്നേരം 5മണിക്ക് ഗവർണർ ജസ്റ്റിസ് പി.സദാശിവം ആഘോഷം ഉദ്ഘാടനം ചെയ്യും.

**പ്രൊഫ.വി.കാർത്തികേയൻ നായർ**

*ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്*